# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 15-ാം തീയതി തിങ്കളാഴ്ച
(ആകെ ചോദ്യങ്ങൾ -27)

**(454) കുത്തകപ്പാട്ടം ലഭിച്ചിട്ടുള്ള കർഷകർക്ക് സ്ഥിരം പട്ടയം ലഭിക്കുന്നതിന് നടപടി**
**(455) ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി**
**(456) സ്വകാര്യ പങ്കാളിത്തത്തോടെ സാങ്കേതിക സർവ്വകലാശാല ആരംഭിക്കാൻ നടപടി**
**(457) ഔദ്യോഗികഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ**
**(458) 'നോർക്ക' പിരിച്ചുവിട്ട് 'റൂട്ട്സ്' രൂപവൽക്കരിക്കുവാൻ തീരുമാനം**
**(459) നോർക്ക കമ്പനിയാക്കുന്നതുമൂലം വിദേശ മലയാളികൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന ഗുണങ്ങൾ**
**(460) സെക്കന്ററിതലത്തിൽ മിനിമം പഠന നിലവാരം ഉറപ്പാക്കുന്നതിന് പദ്ധതി**
**(461) ഹയർ സെക്കന്ററി മേഖല പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിനുള്ള നിർദ്ദേശം**
**(462) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ നടത്തുന്ന സ്റ്റേറ്റ് ഹൈവേ, മേജർ റോഡുകൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ**
**(463) സർവ്വകലാശാലകളിൽ പരിഷ്കരിച്ച ഏകീകൃത സിലബസ് നടപ്പിലാക്കണമെന്ന യു.ജി.സി. നിർദ്ദേശം**
**(464) സ്കൂളുകളിൽ മൂന്നാം ക്ലാസുമുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് പാഠ്യപദ്ധതി**
**(465) പ്രധാന നഗരങ്ങളിലെ റോഡുകളുടെ വീതി വർദ്ധിപ്പിച്ച് നാലുവരിയും ആറുവരിയും പാതകൾ നിർമ്മിക്കുന്നതിന് നടപടി**
**(466) സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ**
**(467) എസ്.സി.ഇ.ആർ.ടി. യുടെ സ്ഥാപക ലക്ഷ്യങ്ങൾ**
**(468) കായൽ-കടൽ-നദികൾ-മറ്റ് ജലാശയങ്ങൾ എന്നിവയുടെ സമീപമുള്ള വസ്തുക്കൾക്ക് പട്ടയം നൽകാൻ നടപടി**
**(469) ഗവൺമെന്റ് നയങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കാൻ നടപടി**
**(470) ബൈപാസ് നിർമാണം പൂർത്തിയാക്കാൻ നടപടി**
**(471) വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള അപേക്ഷാഫീസിന്റെ വർദ്ധനവ്**
**(472) പൂർത്തിയാക്കാത്ത മരാമത്തു പണികൾ**
**(473) സാമൂഹ്യ വയോജന വിദ്യാഭ്യാസം**
**(474) റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പദ്ധതി**
**(475) നോർക്കയുടെ റീജിയണൽ ഓഫീസുകൾ ആരംഭിക്കുവാൻ നടപടി**
**(476) പ്രൈമറി സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ**
**(477) പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച ഷെഡ്യൂൾ റേറ്റ്**
**(478) പ്ളസ് ടു പ്രവേശനത്തിന്റെ മാനദണ്ഡവും നടപടിക്രമങ്ങളും**
**(479) സാമ്പത്തിക പ്രതിസന്ധിമൂലം മരാമത്തുവകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താനുദ്ദേശിക്കുന്ന നിയന്ത്രണങ്ങൾ**
**(480) റോഡുകളുടെ സമഗ്രവികസനത്തിന് പദ്ധതി**

### കുത്തകപ്പാട്ടം ലഭിച്ചിട്ടുള്ള കർഷകർക്ക് സ്ഥിരം പട്ടയം ലഭിക്കുന്നതിന് നടപടി

454. ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എം. കുമാരൻ :
ശ്രീ. മങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുത്തകപ്പാട്ടം ലഭിച്ചിട്ടുള്ള എത്ര കൃഷിക്കാർ ഉണ്ട്;

(ബി) ഇവരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) കുത്തകപ്പാട്ടം ലഭിച്ചിട്ടുള്ള കൃഷികാരെ കുടിയൊഴിപ്പിക്കരുതെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഇവർക്ക് തങ്ങളുടെ ഭൂമിയിൽ സ്ഥിരാവകാശം ലഭിക്കുന്നതിനും, പട്ടയം ലഭിക്കുന്നതിനുള്ള നടപടി എടുക്കുന്നുണ്ടോ;

(ഇ) കുത്തകപ്പാട്ടം ലഭിച്ചിട്ടുള്ള എത്ര കർഷകർ സ്ഥിരം പട്ടയം ലഭിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്;

(എഫ്) ഇവർക്ക് പട്ടയം ലഭിക്കുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ. എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, എറണാകുളം, ജില്ലകളിലായി 4071 പേർക്ക് പാട്ടം നൽകിയിട്ടുണ്ട്.

(ബി) ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | – | 1061 |
| കൊല്ലം | – | 809 |
| പത്തനംതിട്ട | – | 810 |
| ആലപ്പുഴ | – | 9 |
| ഇടുക്കി | – | 797 |
| കോട്ടയം | – | 247 |
| എറണാകുളം | – | 338 |
| ആകെ | – | 4071 |

(സി) ഇല്ല. പാട്ടക്കാലാവധി കഴിഞ്ഞ കേസ്സുകളിൽ പുതുക്കി നൽകുന്നതിന് അപേക്ഷ നൽകുന്ന കേസ്സുകളിൽ ചട്ടങ്ങൾക്ക് വിധേയമായി പുതിയതായ പാട്ടം നൽകാറുണ്ട്. കാലാവധി കഴിഞ്ഞ കേസുകളിൽ പുതുക്കുന്നതിന് അപേക്ഷ നൽകാത്ത കേസ്സുകളിൽ പാട്ടം റദ്ദാക്കി ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

(ഡി) കുത്തകപ്പാട്ട കക്ഷികൾ പതിവിന് അപേക്ഷ നൽകുന്ന മുറയ്ക്ക് പാട്ടക്കുടിശ്ശിഖയില്ലാത്ത കേസ്സുകളിൽ പതിവിന് അർഹമായവ പതിച്ചു നൽകുന്നതാണ്.

(ഇ) 280 കർഷകർ

(എഫ്) പാട്ടക്കുടിശ്ശിഖയില്ലാത്ത അർഹരായ അപേക്ഷകർക്ക് ചട്ടങ്ങൾക്കു വിധേയമായി ഭൂമി പതിച്ചു നൽകുന്നതിന് തടസ്സമില്ല. സി.എച്ച്.ആർ. ഭൂമി മേൽ പറഞ്ഞ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രസ്തുത ഭൂമിയാണെങ്കിൽ കുത്തകപാട്ടം പുതുക്കുന്നതിന് ഹൈക്കോടതി ഉത്തരവിൻപ്രകാരം ഇപ്പോൾ സാദ്ധ്യമല്ല.

## ലക്ഷം വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

455. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം എ. ചന്ദ്രശേഖരൻ :
ശ്രീ. വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലക്ഷം വീടുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കോളനികളിൽ അവശ്യം ലഭ്യമാക്കേണ്ട സൗകര്യങ്ങൾ എന്തൊക്കെയാണെന്നതിനെപ്പറ്റി അന്വേഷിക്കുകയും അതിന്റെയടിസ്ഥാനത്തിൽ ലക്ഷംവീടുകോളനികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) ലക്ഷം വീടുകോളനികളിൽ പൊളിഞ്ഞുപോയ വീടുകൾക്കുപകരം പുതിയ വീടുവച്ചുകൊടുക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. ചെർക്കളം അബ്ദുള്ള (തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലക്ഷംനീട് കോളനികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതും പഴകിയ വീടുകൾക്ക് പകരം പുതിയ വീടുകൾ വച്ചുകൊടുക്കുന്നതും ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെടുന്നതാണ്. ദാരിദ്ര്യരേഖയിൽ താഴെയുള്ളവർ താമസിക്കുന്ന ലക്ഷം വീടുകളുടെ നവീകരണത്തിനും മുൻഗണന നൽകി കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽ നിന്നും മുൻഗണനാടിസ്ഥാനത്തിൽ പണം ചെലവഴിക്കുന്നതിനുള്ള

നിർദ്ദേശം 10–ാം പഞ്ചാവത്സര പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശരേഖകളിൽ ഉൾപ്പെടുത്തുവാൻ 10–7–02–ൽ കൂടിയ സംസ്ഥാനതല കോർപ്പറേഷൻ കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

**സ്വകാര്യ പങ്കാളിത്തത്തോടെ സാങ്കേതിക സർവ്വകലാശാല ആരംഭിക്കാൻ നടപടി**

456. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. സാജു പോൾ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്ര. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനും ഗുണമേൻമ വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ലോകബാങ്കിന്റെ സഹായത്തോടെ എൻജിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ എന്നീ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന വികസന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനായി സ്വകാര്യ പങ്കാളിത്തത്തോടെ സാങ്കേതിക സർവ്വകലാശാല ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഇതുസംബന്ധിച്ച് എന്തെങ്കിലും സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ലോകബാങ്കിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയിൽ സംസ്ഥാനത്തെ ഏതാനും എൻജിനീയറിംഗ് കോളേജുകൾക്ക് സാംപത്തിക സഹായം ലഭിക്കുന്നതിനുള്ള ശുപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ കോളേജുകളെ ബന്ധപ്പെടുത്തുന്ന ഇൻഫർമേഷൻ ടെക്നോളജി എഡ്യൂക്കേഷൻ ഗ്രിഡ് നടപ്പിലാക്കാനുള്ള നടപടികളും ഇ–ഗവേർണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പലമേഖലകളിലേയും പ്രവർത്തനം കംപ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു കഴിഞ്ഞു. മെച്ചപ്പെട്ട എൻജിനീയറിംഗ് കോളേജുകൾക്ക് അക്കാദമിക് ആട്ടോണമി അനുവദിക്കാൻ തത്വത്തിൽ അംഗീകാര നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ പോളിടെക്നിക്കുകളിലും ഇതര സ്ഥാപനങ്ങളിലും ആയ നടത്തി വരുന്ന ഡിപ്ളോമാ പരീക്ഷകളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന് കംപ്യൂട്ടർവൽക്കരണ നടപടികളും ആരംഭിച്ചിട്ടുണ്ട്.

(സി) ലോകബാങ്കിന്റെ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം എന്ന പദ്ധതി സംസ്ഥാനത്തെ ഏതാനും എൻജിനീയറിംഗ് കോളേജുകൾക്കും പോളിടെക്നിക്കുകൾക്കും സാംപത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ പരിപാടിയുടെ ഒന്നാം ഘട്ടത്തിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട ഏഴ് സംസ്ഥാനങ്ങളിൽ കേരളം ഉൾപ്പെടുന്നു.

(ഡി) തീരുമാനമെടുത്തിട്ടില്ല.

(ഇ) ഇല്ല.

**ഔദ്യോഗികഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ**

457. ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. മുഹമ്മദാലി :
പ്രൊഫസർ എ. ഡി. മുസ്തഫ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഔദ്യോഗികഭാഷ മലയാളമാക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ പുതുതായി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രോൽസാഹനം നൽകുവാൻ ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. പി. ശങ്കരൻ, ആരോഗ്യ വകുപ്പ് മന്ത്രി (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി വകുപ്പുമന്ത്രിക്കു വേണ്ടി):-**

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ഭരണത്തിന്റെ എല്ലാ തലങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം, മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതു സംബന്ധിച്ച പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ പുതുതായി ആവിഷ്കരിച്ച പദ്ധതികൾ താഴെ ചേർക്കുന്നു.

1. <u>ആറു വകുപ്പുകളിൽ തീവ്രയത്ന പരിപാടി</u>

മലയാളം ഔദ്യോഗിക ഭാഷയാക്കികൊണ്ട് വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ള 67 വകുപ്പുകളിൽ ഉൾപ്പെടുന്ന റവന്യൂ, പഞ്ചായത്ത്, സഹകരണം, പോലീസ്, ഗ്രാമവികസനം, സാമൂഹ്യക്ഷേമം എന്നീ ആറു വകുപ്പുകളിൽ ഭാഷ ന്യൂന പക്ഷങ്ങൾക്കു നൽകിയിട്ടുള്ള പരിരക്ഷ നിലനിർത്തികൊണ്ട് 2002 നവംബർ ഒന്നിന് മുൻപ് 100 ശതമാനം ഭാഷമാറ്റം കൈവരിക്കത്തക്കവിധം പ്രസ്തുത വകുപ്പുകളിൽ ഒരു തീവ്രയത്ന പരിപാടി ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ 23-1-2002-ലെ 18/02/ഉഭപവ. നംപർ സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്.

2. <u>കോസുകളുടേയും മാനുവലുകളുടേയും പരിഭാഷ</u>

എല്ലാ വകുപ്പുകളിലും സെക്രട്ടേറിയറ്റിലെ അവയുടെ ബന്ധപ്പെട്ട ഭരണവകുപ്പുകളിലും നിത്യേത ഉപയോഗിക്കുന്ന കോഡുകളുടെയും മാനുവലുകളുടെയും ഫാറങ്ങളുടെയും പട്ടിക ബന്ധപ്പെട്ട ഭരണവകുപ്പിലെ സെക്രട്ടറി നാമനിർദ്ദേശം ചെയ്യുന്ന ഒരു ഡെപ്യൂട്ടി സെക്രട്ടറി തയ്യാറാക്കേണ്ടതാണെന്നും, കോസുകൾ, മാനുവലുകൾ, ഫാറങ്ങൾ തുടങ്ങിയവയുടെ പരിഭാഷാ ജോലികൾ കഴിയുന്നതും വേഗം പൂർത്തിയാക്കുവാനും 22-1-2002-ലെ 15/02/ഉഭപവ.നം സർക്കാർ ഉത്തരവിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

3. <u>ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി</u>

ഐ.എം.ജി.യുടെ തിരുവനന്തപുരം കേന്ദ്രത്തിൽ നടന്നുവരുന്ന ഔദ്യോഗിക ഭാഷാ പരിശീലന പരിപാടി ഐ.എം.ജി.യുടെ കൊച്ചി, കോഴിക്കോട് കേന്ദ്രങ്ങളിൽ കൂടി ആരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്

4. <u>പി.എസ്.സി. ഓഫീസിൽ ഭരണഭാഷ</u>

പി.എസ്.സി. ഓഫീസുകളിൽ മലയാളം ഭരണഭാഷയാക്കികൊണ്ട് വിജ്ഞാപനം പുറപെടുവിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

5. <u>കോടതിഭാഷ</u>

ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ, ഓംബുഡ്സ്മാൻ, വനിതാ കമ്മീഷൻ, ലോകായുക്ത, മനുഷ്യാവകാശ കമ്മിഷൻ എന്നിവയുടെ ഔദ്യോഗിക ഭാഷയും വ്യവഹാരഭാഷയും മലയാളമാക്കുന്നതു സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്.

6. <u>മലയാളദിനം/ഭരണഭാഷാ വാരാഘോഷം</u>

സർക്കാർ തലത്തിൽ എല്ലാ വർഷവും നവംബർ ഒന്ന് മലയാളദിനമായും നവംബർ ഒന്നുമുതൽ ഏഴുവരെയുള്ള തീയതികൾ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതിന് 18-3-02-ലെ 31/02/ഉഭവ. നം. സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്.

7. <u>സ്ക്കൂൾ തലത്തിൽ ബോധനം</u>

സംസ്ഥാനത്തെ ഭരണഭാഷ പൂർണ്ണമായും മലയാളമായി മാറേണ്ടതിന്റെ ആവശ്യകതയയെപ്പറ്റി സ്ക്കൂൾ വിദ്യാർത്ഥികൾക്ക് ആവശ്യമായ അറിവു പകരുന്നതിനുവേണ്ടി എല്ലാ സ്ക്കൂളുകളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന് 2-5-02-ലെ 20/02/ഉഭവ. നം. സർക്കാർ ഉത്തരവിലൂടെ നിർദ്ദേശം നൽകിയിട്ടുണ്ട്.

8. <u>നിയമപാലനം കർശനമാക്കാൻ</u>

സംസ്ഥാനത്തെ ഭരണഭാഷാമാറ്റം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും കർശനമായി പാലിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തുവാൻ 30-1-2002 ലെ 22/02/ഉഭപവ. ഉത്തരവിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ഔദ്യാഗിക ഭാഷ മലയാളമാക്കിയിട്ടുള്ള വകുപ്പികളിലെ താലൂക്കു തല ഓഫീസുകളിൽ ഏറ്റവും കൂടുതൽ ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുകയും ഭാഷാമാറ്റത്തിന് സഹായകമായവിധത്തിൽ അനുബന്ധപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്ന ക്ളാസ്സ്–3 വിഭാഗത്തിൽപ്പെട്ട ഒരു ക്ളറിക്കൽ ഉദ്യോഗസ്ഥന് അംഗീകാരമെന്ന നിലയിൽ ഗുഡ് സർവീസ് എൻട്രി നൽകുവാൻ തീരുമാനിച്ച് 21–12–01–ലെ 202/2001/ഉഭപവ നം. സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

## 'നോർക്ക' പിരിച്ചുവിട്ട് 'റൂട്ട്സ്' രൂപവൽക്കരിക്കുവാൻ തീരുമാനം

458. ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്ക പിരിച്ചുവിട്ട് റൂട്ട്സ് എന്നൊരു കോർപ്പറേഷൻ രൂപവൽക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഈ കോർപ്പറേഷൻ മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(സി) പ്രസ്തുത കോർപ്പറേഷന്റെ പ്രവർത്തനത്തിന് ആവശ്യമായ ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ, ആരോഗ്യ വകുപ്പ് മന്ത്രി (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കു വേണ്ടി):–**

(എ) നോർക്ക വകുപ്പിന്റെ കീഴിലുള്ള പ്രവാസി കേരളീയ ഏജൻസി അഥവാ നോർക്കാ പ്രസ്തുത ഏജൻസിയുടെ സ്ഥാനത്ത് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യമുള്ള ഒരു കമ്പനി കമ്പനീസ് ആക്ട്, സെക്ഷൻ 25 അനുസരിച്ച് രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) തൊഴിൽ നഷ്ടപ്പെട്ട് തിരികെ വന്ന ഗൾഫ് മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് ഉപഭോക്തൃ വികസന പദ്ധതികൾ (Entrepreneurship Development Projects-EDP) വിദേശ മലയാളികൾക്കായി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഒരു ഗ്രൂപ്പ് പെൻഷൻ പദ്ധതി, പ്രവാസ ജീവിതത്തിന് ശേഷം നാട്ടിൽ തിരികെ എത്തിയവർക്കായി പെൻഷൻ, വിദേശത്ത് നിന്നു മടങ്ങിയെത്തിയ ദാരിദ്ര്യരേഖയ്ക്ക താഴെയുള്ളവർക്ക് വേണ്ടി ഒരു ക്ഷേമനിധി എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 200 മുതൽ 500 കോടി രൂപ വരെ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടു കൊണ്ടുള്ള എൻ.ആർ.കെ. ഗ്രോത്ത് ഫണ്ട്/മ്യൂച്ചൽഫണ്ട് മൈഗ്രേഷൻ മോണിറ്ററിംഗ് സെന്ററുകൾ, സാങ്കേതിക വൈദഗ്ദ്ധ്യവികസന പരിശീലന പദ്ധതികൾ, പ്രവാസികളുടെയും വിദേശത്ത് നിന്നും തിരിച്ച് വന്നവരുടെയും ഇവരുടെ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടേയും സമഗ്രമായ വിവരണ ശേഖരം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഡാറ്റാബാങ്ക് എന്നിവയും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളുപെടുന്നു

(സി) പുതുതായി രൂപീകരിക്കുന്ന കമ്പനിയുടെ മെമ്മോറാണ്ടവും കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനും അന്തിമ രൂപം നൽകിയിട്ടില്ല. ഇവ തയ്യാറാക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

## നോർക്ക കമ്പനിയാക്കുന്നതുമൂലം വിദേശ മലയാളികൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന ഗുണങ്ങൾ

459. ശ്രീമതി മേഴ്സി രവി :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോർക്കയെ ഒരു കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയൽ കമ്പനിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) കമ്പനി വഴി എന്തെല്ലാം പരിപാടികൾക്ക് രൂപം കൊടുക്കുവാനാണുദ്ദേശിക്കുന്നത്;

(ഡി) ഇതുമൂലം വിദേശ മലയാളികൾക്കും സംസ്ഥാനത്തിനും ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. പി. ശങ്കരൻ, ആരോഗ്യ വകുപ്പ് മന്ത്രി (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കു വേണ്ടി):-**

(എ) നോർക്കയെ ഒരു കമ്പനിയായി രജിസ്റ്റർ ചെയ്തിട്ടില്ല. നോർക്കയുടെ കീഴിലുള്ള പ്രവാസി കേരളീയ ക്ഷേമ ഏജൻസി (നോർക്ക)യ്ക്ക് പകരമായി ഒരു കമ്പനി രജിസ്റ്റർ ചെയ്യാൻ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) കമ്പനിയുടെ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ എന്നിവയ്ക്ക് ഇതുവരെ അന്തിമ രൂപം നൽകിയിട്ടില്ല.

(സി) തൊഴിൽ നഷ്ടപ്പെട്ട് തിരികെ വന്ന മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് അവരിൽ നിന്ന് മൂലധനവും അവർ ആർജ്ജിച്ച സാങ്കേതിക പരിജ്ഞാനവും സമാഹരിച്ച് പ്രവാസി മലയാളികളുടെയും സംസ്ഥാനത്തിന്റെയും വികസനത്തിന് പ്രയോജനപ്പെടുത്താവുന്ന രീതിയിൽ ഉപഭോക്തൃ വികസന പദ്ധതികൾ (Entrepreneurship Development Projects-EDP) വിദേശ മലയാളികൾക്കായി ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ സഹായത്തോടെ ഒരു ഗ്രൂപ്പ് പെൻഷൻ പദ്ധതി, പ്രവാസി ജീവിതത്തിന് ശേഷം നാട്ടിൽ തിരികെ എത്തിയവർക്കായി പെൻഷൻ, വിദേശത്ത് നിന്നു മടങ്ങിയെത്തിയ ദാരിദ്ര്യരേഖയ്ക്ക താഴെയുള്ളവർക്ക് വേണ്ടി മുഖ്യമന്ത്രിയുടെ ക്ഷേമനിധിയുടെ മാതൃകയിൽ ഒരു ക്ഷേമനിധി എന്നിവ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. 200 മുതൽ 500 കോടി രൂപ വരെ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള എൻ.ആർ.കെ. ഗ്രോത്ത് ഫണ്ട്/മ്യൂച്ചൽഫണ്ട് മൈഗ്രേഷൻ മോണിറ്ററിംഗ് സെന്ററുകൾ, സാങ്കേതിക വൈദഗ്ദ്ധ്യ വികസന പരിശീലന പദ്ധതികൾ, പ്രവാസികളുടെയും വിദേശത്ത് നിന്നും തിരിച്ച് വരുന്നവരുടെയും ഇവരുടെ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനകളുടേയും സമഗ്രമായ വിവര ശേഖരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഡാറ്റാബാങ്ക് എന്നിവയും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതികളിൽപെടുന്നു

(ഡി) വിദേശമലയാളി സമൂഹത്തിന് പ്രത്യേകിച്ചും സംസ്ഥാനത്തിന് പൊതുവായും നേട്ടങ്ങൾ ഉണ്ടാക്കുന്നതിനു വേണ്ടിയാണ് മേൽപദ്ധതികൾ ആവിഷ്കരിക്കുന്നത്.

## <u>സെക്കന്ററിതലത്തിൽ മിനിമം പഠന നിലവാരം ഉറപ്പാക്കുന്നതിന് പദ്ധതി</u>

460. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്കന്ററിതലത്തിൽ മിനിമം പഠന നിലവാരം ഉറപ്പാക്കുന്നതിന് ഉദ്ദേശിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) എന്നുമുതലാണ് ഈ പദ്ധതി നടപ്പിലാക്കിയത്;

(സി) എന്തു തുക ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്;

(ഡി) ഈ പദ്ധതി ഈ വർഷം തുടരേണ്ടതില്ല എന്ന് തീരുമിച്ചിട്ടുണ്ടോ;

(ഇ) ഈ വർഷം ഈ പദ്ധതിക്കായി എന്തു തുക വകയിരുത്തിയിട്ടുണ്ട്?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) സെക്കന്ററിതലത്തിൽ മിനിമം പഠന നിലവാരം ഉറപ്പാക്കുന്നതിന് ഉദ്ദേശിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ക്യൂ.ഐ.പി. (ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം) ക്ളാസ് റൂം ബോധനം മെച്ചപ്പെടുത്തുകയും അതുവഴി കുട്ടികളുടെ പഠന നിലവാരം ഉയർത്തുകയും ചെയ്യുന്നതിനുവേണ്ടി അദ്ധ്യാപകർക്ക് കോണ്ടൽത് ബേസ്ഡ് ആയും നൂതന പഠന ബോധന തന്ത്രങ്ങൾ അടിസ്ഥാനമാക്കിയും ബൃഹത്തായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. കൂടാതെ സബ്ജക്ട് കൗൺസിലുകളുടെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക അഡോപ്റ്റഡ് സ്കൂൾ പ്രോഗ്രാം വഴി മോശമായ പഠന നിലവാരം പുലർത്തിയിരുന്ന സ്ക്കൂളുകളെ ദത്തെടുത്ത് പഠന സാഹചര്യം മെച്ചപ്പെടുത്തുവാനുള്ള പരിപാടി, കുട്ടികളുടെ സർവ്വേ വൈഞ്ജാനിക മേഖലയിലുള്ള വികസനത്തെ ലക്ഷ്യമാക്കി പ്രതിഭാ സംഗമം പരിപാടി, ഓരോ വിഷയത്തിലും പഠന ബോധന പ്രർത്തനങ്ങളിൽ നേരിടുന്ന ബുദ്ധിമുട്ടുളെ തിരിച്ചറിത്ത് അവ

പരിഹരിക്കുന്നതിനുള്ള രീതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, ഭാഷാപഠനം വിശേഷിച്ച് ഇംഗ്ളീഷ് ഭാഷാപഠനം എളുപ്പമാകാനുതകുന്ന ആഡിയോ കാസറ്റ് തയ്യാറാക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ഇതുവഴി സംഘടിപ്പിച്ചിട്ടുണ്ട്.

ഇതു മൂലം ശരാശരി സ്കൂൾ പഠന നിലവാരം ഉയർത്തിയിട്ടുണ്ട്. കഴിഞ്ഞ നാല് വർഷക്കാലത്തെ എസ്.എസ്.എൽ.സി. വിജയശതമാനത്തിൽ പ്രകടമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മോഡറേഷൻ മാർക്കു കുറയ്ക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അക്കാഡമിക് വർഷത്തിൽ എസ്.എസ്.എൽ.സി. വിജയശതമാനത്തിൽ അഞ്ചു ശതമാനത്തിലേറെ വർദ്ധവ് ഉണ്ടായിട്ടുണ്ട്.

(ബി) ഒൻപതാം പഞ്ചവൽസര പദ്ധതി മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) 563.10 ലക്ഷം രൂപ

(ഡി) ഇല്ല.

(ഇ) ഈ വർഷം ഒരു കോടി രൂപ ഈ പദ്ധതിക്കായി വക കൊള്ളിച്ചിട്ടുണ്ട്.

## ഹയർ സെക്കന്ററി മേഖല പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിനുള്ള നിർദ്ദേശം

461. ശ്രീ. ടി. കെ. ദേവകുമാർ :
ഡോക്ടർ തോമസ് ഐസക് :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി മേഖല പൊതു വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലണ്ടോ;

(ബി) ഇക്കാര്യം സംബന്ധിച്ച് ഏതെങ്കിലും സംഘടനകൾ നിവേദനം നൽകിയിട്ടുണ്ടോ;

(സി) പരീക്ഷകൾ നടത്തുന്നതിനും ഫലം പ്രസിദ്ധീകരിക്കുന്നതിലും ഹയർ സെക്കന്ററി ഡയറക്ടറേറ്റിലുണ്ടായ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ വീഴ്ചകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) വീഴചകൾ മേലിൽ ഉണ്ടാകാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ നടത്തുന്ന സ്റ്റേറ്റ് ഹൈവേ, മേജർ റോഡുകൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ

462. ശ്രീ. പി. ജയരാജൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ടി. പി. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ടിന്റെ കീഴിൽ 400 കി. മി. ദൈർഘ്യമുള്ള സ്റ്റേറ്റ് ഹൈവേ-മേജർ ജില്ലാ റോഡുകൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കമോ;

(ബി) ഇതിന് ലോകബാങ്കിന്റെ സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇവയുടെ പ്രവർത്തനം എന്നാണ് ആരംഭിച്ചത്?

**ഉത്തരം**

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി):-**

(എ), (ബി), (സി) (ഡി) (ഇ) & (എഫ്)

സംസ്ഥാനത്തെ 1600 കി.മീ. റോഡുകളുടെ വികസനത്തിനുവേണ്ടി 1250 കോടി രൂപയുടെ വായ്പാ സഹായത്തിന് ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. അഞ്ചുവർഷം കൊണ്ട് നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരമുള്ള റോഡുകളുടെ നിർമ്മാണം ഏതാനും ആഴ്ചകൾക്കുള്ളിൽ ആരംഭിക്കുന്നതാണ്. ഇതിനുവേണ്ടി നടപ്പുവർഷത്തെ ബഡ്ജറ്റിൽ 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## സർവ്വകലാശാലകളിൽ പരിഷ്കരിച്ച ഏകീകൃത സിലബസ് നടപ്പിലാക്കണമെന്ന യു.ജി.സി. നിർദ്ദേശം

463. ശ്രീ. വി. ചെന്താമരാക്ഷൻ:
ശ്രീ. മത്തായി ചാക്കോ:
ശ്രീ. എം.വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളിലും പരിഷ്ക്കരിച്ച ഏകീകൃത സിലബസ് നടപ്പിലാക്കണമെന്ന് യു.ജി.സി. നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് യു.ജി.സി. ചെയർമാൻ അയച്ച സർക്കുലർ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) യു.ജി.സി. നിർദ്ദേശമനുസരിച്ച് എത്ര വിഷയങ്ങളുടെ സിലബസ് പരിഷ്ക്കരിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്; പ്രസ്തുത നിർദ്ദേശം നടപ്പിലാക്കി പരിഷ്ക്കരിച്ച സിലബസിന്റെ കോപ്പികൾ യു.ജി.സി.ക്ക് അയച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) സർവ്വകലാശാലകളുടെ സിലബസ് പരിഷ്കരിക്കുന്നത് അതത് സർവ്വകലാശാലകളുടെ ബോർഡ് ഓഫ് സ്റ്റഡീസും അക്കാദമിക് കൗൺസിലുമാണെന്നിരിക്കെ യു.ജി.സി.യുടെ നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ;

(എഫ്) അക്കാദമിക് കാര്യങ്ങളിൽ പരസ്യമായി ഇടപെടുന്ന യു.ജി.സി യുടെ ഈ നടപടി സർവ്വകലാശാലാനിയമങ്ങളുടെ ലംഘനമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ കൽക്കത്ത സർവ്വകലാശാല യു.ജി.സി.യുടെ സർക്കുലർ തിരിച്ചയച്ചതുപോലെ ഈ സർക്കാരും തിരിച്ചയയ്ക്കാൻ തയ്യാറാകുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) യു.ജി.സി. 32 കോഴ്സുകളുടെ സിലബസ്സുകളാണ് അയച്ചുതന്നിട്ടുള്ളത്. പരിഷ്ക്കരിച്ച സിലബസിന്റെ കോപ്പികൾ യു.ജി.സി.ക്ക് ആയച്ചുകൊടുക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സിലബസ് കാലാനുസൃതമായി പരിഷ്കരിക്കണമെന്നും സർവകലാശാലകളിലെ കോഴ്സുകൾക്ക് ഏറ്റവും മെച്ചപ്പെട്ട സിലബസിന് രൂപം കൊടുക്കണമെന്നുമാണ് സർക്കാർ നിലപാട്. സിലബസ് പരിഷ്കരണം സർവകലാശാലകളുടെ ചുമതലയിലായതിനാൽ സർക്കാർ തലത്തിൽ വിശദാംശങ്ങളിലേക്ക് കടക്കേണ്ടതില്ല.

(ഇ) യു.ജി.സി. ഉൾപ്പെടെയുള്ള ശ്രോതസുകളിൽ നിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത് സർവ്വകലാശാലകളുടെ ബോർഡ് ഓഫ് സ്റ്റഡീസ്, ഫാക്കൽററി, അക്കാദമിക് കൗൺസിൽ ഇവ സിലബസ് പരിഷ്ക്കരണം നടത്തണമെന്നതാണ് സർക്കാർ നിലപാട്.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

## സ്കൂളുകളിൽ മൂന്നാം ക്ലാസുമുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് പാഠ്യപദ്ധതി

464. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ മൂന്നാം ക്ലാസുമുതൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് കേംബ്രിഡ്ജ് സർവ്വകലാശാല രൂപപ്പെടുത്തിയ പാഠ്യ പദ്ധതി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(സി) സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ നേതൃത്വത്തിൽ ഇതു സംബന്ധിച്ച് അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ മൂന്നാം ക്ലാസുമുതൽ കേംബ്രിഡ്ജ് സർവ്വകലാശാല രൂപപ്പെടുത്തിയതുപോലുള്ള പാഠ്യപദ്ധതി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ഈ വർഷം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് കേട്ടു പഠിക്കാൻ വേണ്ടിയുള്ള ഒരു ഓഡിയോ കാസറ്റും വാങ്ങും. അതെങ്ങനെ ഉപയോഗിക്കണ എന്നു വിിശദമാക്കുന്ന അദ്ധ്യാപകർക്കുള്ള കൈപുസ്തകവും തയ്യാറാക്കിയിട്ടുണ്ട്.

ഡി.പി.ഇ.പി. ഫണ്ട് ഉപയോഗിച്ച് തയ്യാറാക്കി മൂന്നാം തരം നിലവിലുള്ള എല്ലാ സ്കൂളുകൾക്കും ഒരോ സെറ്റ് വീതം വിതരണം ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) എസ്.സി.ഇ.ആർ.ടി.യുടെ ആഭിമുഖ്യത്തിൽ ഇതിനുള്ള പരിശീലനം നൽകുന്നതാണ്.

(ഡി) അദ്ധ്യാപക പരിശീലനത്തിനും മറ്റുമുള്ള ഷെഡ്യൂൾ തയ്യാറാക്കി വരുന്നു. ആഗസ്റ്റ് മാസത്തോടെ പരിശീലനം സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**<u>പ്രധാന നഗരങ്ങളിലെ റോഡുകളുടെ വീതി വർദ്ധിപ്പിച്ച് നാലുവരിയും ആറുവരിയും പാതകൾ നിർമ്മിക്കുന്നതിന് നടപടി</u>**

465. ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. സി. മോയിൻകുട്ടി:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത്വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ റോഡുകളുടെ വീതി വർദ്ധിപ്പിച്ച് നാലുവരിയും ആറുവരിയും പാതകൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനും വശങ്ങളിൽ നിർത്തുന്നതിനും ഉള്ള സൗകര്യം കൂടി ഉൾപ്പെടുത്തി പാതകളുടെ ഡിസൈൻ തയ്യാറാക്കാൻ നിർദ്ദേശം നൽകുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.കെ. മുനീർ (മരാമത്ത് വകുപ്പു മന്ത്രി):-**

(എ) & (ബി) സംസ്ഥാനത്തെ നഗരങ്ങളിലെ റോഡുകളുടെ വീതി വർദ്ധിപ്പിച്ച് നാലു വരിയും ആറുവരിയും പാതകൾ നിർമ്മിക്കാൻ പ്രത്യേകം പദ്ധതികളൊന്നും ഇപ്പോഴില്ല.

**<u>സി-ഡിറ്റിന്റെ പ്രവർത്തനങ്ങൾ</u>**

466. ശ്രീമതി രാധാരാഘവൻ:
ശ്രീ. എൻ.ഡി. അപ്പച്ചൻ:
പ്രൊഫസർ എ.ഡി. മുസ്തഫ:
ശ്രീ. കെ. മുഹമ്മദാലി:
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് എന്തെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്;

(ബി)എന്തെല്ലാം കാര്യങ്ങളിൽ സി-ഡിറ്റ് ഗവേഷണം നടത്തുന്നു എന്ന് വ്യക്തമാക്കുമോ;

(സി) സി-ഡിറ്റിന്റെ പ്രവർത്തനങ്ങളെ വ്യാവസായികാടിസ്ഥാനത്തിൽ പുനസംഘടിപ്പിക്കുവാൻ ഉദ്ദേശ്യമുണ്ടോ;

(ഡി) ഇമേജിംഗ് ടെക്നോളജിയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ സി-ഡിറ്റിന് കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ;

(ഇ) സർവ്വകലാശാല ഡിഗ്രി സർട്ടിഫിക്കറ്റുകളിൽ ഉപയോഗിക്കുവാനുള്ള ഹോളോഗ്രാംസ്റ്റിക്കർ നൽകുന്നവകയിൽ സി-ഡിറ്റിന് എന്തുതുക ലഭിക്കും എന്ന് അറിയിക്കുമോ;

(എഫ്) മദ്യക്കുപ്പികളിൽ ഹോളോഗ്രാം സ്റ്റിക്കർ പതിക്കുന്നതിന് അവയുടെ സപ്ലൈ സംബന്ധിച്ചുണ്ടാക്കിയ കരാറനുസരിച്ച് എന്തു തുക ലഭിക്കും എന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി):-**

(എ) വീഡിയോ ചിത്രനിർമ്മാണം, ഹോളോഗ്രാഫി സാങ്കേതിക വിദ്യയിൽ ഗവേഷണവും വികസനവും, വ്യാവസായിക അടിസ്ഥാനത്തിലുള്ള ഹോളോഗ്രാം നിർമ്മാണം, സോഫ്റ്റ് വെയർ രംഗത്ത് ഗവേഷണവും വികസനവും, വെബ്ഡിസൈൻ, വെബ്ഹോസ്റ്റിംഗ്, കമ്പ്യൂട്ടർ അനിമേൻ മേഖലയിൽ ഗവേണവും വികസനവും. ഇ-ഗവേണൻസ്, ജിയോഗ്രാഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം വികസനം, സി.ഡി.റോമികൾ തയ്യാറാക്കൽ, കൂടാതെ എഡ്യൂക്കേഷൻ ഇൻഫർമാററിക്സ്, അനിമേഷൻ എന്നിവയിൽ ബിരുദാനന്തര ഡിപ്ലോമ കോഴ്സ്, ഡവലപ്മെന്റ് കമ്മ്യൂണിക്കേഷനിൽ ഡിപ്ലോമ കോഴ്സ്,, ഡിജിറ്റൽ സ്റ്റിൽഫോട്ടോഗ്രാഫിയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇവ നടത്തി വരുന്നു. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി, നാഷണൽ സെന്റർഫോർ സോഫ്റ്റ് വെയർ ടെക്നോളജി എന്നിവയുടെ സ്റ്റഡി സെന്ററാണ് സി-ഡിറ്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ ഗവേഷണം നടത്തുന്നതിനുള്ള സ്ഥാപനമായും സി-ഡിറ്റിനെ അംഗീകരിച്ചിട്ടുണ്ട്.

(ബി) കമ്പ്യൂട്ടർ സോഫ്റ്റ് വെയർ, ഹോളോഗ്രാഫി, വീഡിയോ-ഫിലും ഉപകരണങ്ങൾ, ഇമേജിംഗ് ടെക്നോളജി എന്നി മേഖലകളിൽ.

(സി) തൽക്കാലം പരിഗണനയിലില്ല.

(ഡി) ആധുനിക ഡിജിറ്റൽ സബ്ടൈറ്റിലിംഗ് സിസ്റ്റം വികസിപ്പിച്ചെടുത്തു. കൂടാതെ ഹോളോഗ്രാം സാങ്കേതിക വിദ്യയിൽ തനതായ സംഭാവനകൾ നൽകുന്നതിനു പുറമേ വികസനോൻമുഖ വിനിമയവുമായി ബന്ധപ്പെട്ട വീഡിയോ ചിത്രങ്ങളും സി.ഡി.കളും നിർമ്മിക്കുന്നുണ്ട്.

(ഇ) ഒരു ലക്ഷം സർട്ടിഫിക്കറ്റിന് ആറു ലക്ഷത്തഎൺപതിനായിരം രൂപ

(എഫ്) ബിവറേജസ് കോർപ്പറേഷനിൽ നിന്നും ഒരു ലേബലിന് 13.86 പൈസ (പതിമൂന്നേ ദശാംശം എട്ട് ആറ് പൈസ മാത്രം) വിലയായി ലഭിക്കും.

## <u>എസ്.സി.ഇ.ആർ.ടി. യുടെ സ്ഥാപക ലക്ഷ്യങ്ങൾ</u>

467. ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. എ.കെ. ബാലൻ:
ശ്രീ. കെ.പി. സതിശ് ചന്ദ്രൻ:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) എസ്.സി.ഇ.ആർ.ടി.യുടെ സ്ഥാപക ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ ലക്ഷ്യങ്ങൾ നേടുന്നതിനായി എസ്.സി.ഇ.ആർ.ടി. എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുന്നത്;

(സി) എസ്.സി.ഇ.ആർ.ടി. എത്ര ഡിപ്പാർട്ടമെന്റുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇപ്പോൾ എത്ര ഡിപ്പാർട്ട്മെന്റുകൾ നിലവിലുണ്ട്; അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കഴിഞ്ഞവർഷം ഓപ്പൺസ്കൂൾ നടത്തിപ്പിൽ എസ്.സി.ഇ.ആർ.ടി. വരുത്തിയ വീഴ്ചകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ജി) അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യം നേടുന്നതിന് എസ്.സി.ഇ.ആർ.ടി. എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) സംസ്ഥാനത്തെ സ്ക്കൂൾ വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാററങ്ങൾക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക എന്നതാണ് എസ്.സി.ആർ.ടി.യുടെ പ്രധാന ലക്ഷ്യം. ഇത് കൂടാതെ സംസ്ഥാനത്തെ അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുക, പ്രീപ്രൈമറി മുതൽ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി വരെയുള്ള പാഠ്യപദ്ധതി പരിഷ്ക്കരിക്കുക, അദ്ധ്യാപക പരിശീലനം നടത്തുക തുടങ്ങിയവയും പ്രഖ്യാപിത ലക്ഷ്യങ്ങളാണ്.

(ബി) എസ്.സി.ഇ.ആർ.റ്റി. നടപ്പിലാക്കിവരുന്ന പരിപാടികൾ:-

1. പ്രീപ്രൈമറി മുതൽ ഹയർ സെക്കന്ററി വരെയുള്ള പാഠ്യപദ്ധതി രൂപീകരണവും പരിഷ്ക്കരണവും.

2. പ്രീപ്രൈമറി ടീച്ചർ എഡ്യൂക്കേഷൻ പാഠ്യപദ്ധതി, ടി.ടി.സി പാഠ്യപദ്ധതി തുടങ്ങിയവയുടെ രൂപീകരണവും പരിഷ്ക്കരണവും

3. സ്കൂൾ തലത്തിലുള്ള പാഠപുസ്തക നിർമ്മാണം

4. എല്ലാ തലത്തിലുള്ള അദ്ധ്യാപക പരിശീലനം

5. ഗുണപരമായി മാറ്റങ്ങൾ കണ്ടെത്തുന്നതിന് വേണ്ടിയുള്ള ക്രിയാത്മക ഗവേഷണ പരിപാടികൾ

(സി) 7 ഡിപ്പാർട്ടമെന്റുകൾ

(ഡി) ഇപ്പോൾ 7 ഡിപ്പാർട്ടമെന്റുകൾ നിലവിലുണ്ട് അവ ചുവടെ ചേർക്കുന്നു.

1. സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് ഡിപ്പാർട്ട്മെന്റ്.

2. കരിക്കുലം ഇവാലുവേഷൻ ആന്റ് ടെക്സ്ററ്ബുക്ക് ഡിപ്പാർട്ട്മെന്റ്

3.എഡ്യൂക്കേഷൻ ടെക്നോളജി ഡിപ്പാർട്ട്മെന്റ്

4. ടീച്ചർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്

5. റിസർച്ച് ഡോക്കുമെന്റേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്.

6. നോൺ ഫോർമൽ എഡ്യൂക്കേഷൻ, അഡൽറ്റ് എഡ്യൂക്കേഷൻ, കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ ആന്റ് പോപ്പുലേഷൻ എഡ്യൂക്കേഷൻ ഡിപ്പാർട്ടമെന്റ്.

7. വൊക്കേഷണൽ എഡ്യൂക്കേഷൻ, ആർട്ട്, മ്യൂസിക് എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ്.

(ഇ) ആന്റ് (എഫ്)

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

65,000ത്തോളം കുട്ടികളുടെ അഡ്മിഷൻ രജിസ്റ്റർ തയ്യാറാക്കി പ്ലസ് ടൂ പരീക്ഷ എഴുതുന്നതിന് വേണ്ടിയുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു. എല്ലാ കുട്ടികളും പരീക്ഷ എഴുതുകയും ചെയ്തു. പരീക്ഷ പൂർത്തിയാക്കിയ കുട്ടികൾക്ക് ആവശ്യമായ വിടുതൽ സർട്ടിഫിക്കറ്റും മറ്റും നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ജി) അക്കാദമിക് നിലവാരം മെച്ചപ്പെടുത്തുന്നതിന് എസ്.സി.ആർ.റ്റി. സ്വീകരിച്ചിട്ടുള്ള നടപടികൾ:-

1. ഘട്ടം ഘട്ടമായുള്ള പാഠ്യപദ്ധതി പരിഷ്ക്കരിക്കണം (ഒന്ന് മുതൽ പത്ത് വരെ)

2. ഹയർ സെക്കന്ററി പാഠ്യപദ്ധതി പരിഷ്ക്കരണം.

3. അദ്ധ്യാപക വിദ്യാഭ്യാസ പാഠ്യപദ്ധതി പരിഷ്ക്കരണം.

4. ഘട്ടം ഘട്ടമായ പാഠപുസ്തക പരിഷ്ക്കരണം

പരിഷ്ക്കരിക്കുന്ന വർഷം

| | |
|---|---|
| 2002-2003-ൽ | I, II, III, IX ക്ലാസുകൾ |
| 2003-2004-ൽ | IV, V, Xക്ലാസുകൾ |
| 2004-2005- ൽ | VI, VIIക്ലാസുകൾ |

തൊട്ടടുത്ത അദ്ധ്യയന വർഷം മുതൽ ഘട്ടം ഘട്ടമായി ഇവ നടപ്പിലാക്കുന്നു.

5. മാറുന്ന പാഠ്യപദ്ധതി അനുസരിച്ചുള്ള അദ്ധ്യാപക പരിശീലനം നടത്തുക, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, ഡിസ്ട്രിക്ട് റിസോഴ്സ് ഗ്രൂപ്പ് പരിശീലനം നടത്തുക.

6. പഠന ബോധന പ്രക്രിയയിലെ മാറ്റം എത്രത്തോളം ഫലപ്രദമാകുന്നു, പാഠ്യപദ്ധതി വിനിമയത്തിന്റെ സാധ്യതകൾ തുടങ്ങിയവയെ സംബന്ധിച്ച് ഗവേഷണങ്ങൾ നിർവഹിക്കുക.

## കായൽ-കടൽ-നദികൾ-മറ്റ് ജലാശയങ്ങൾ എന്നിവയുടെ സമീപമുള്ള വസ്തുക്കൾക്ക് പട്ടയം നൽകാൻ നടപടി

468. ശ്രീ. ഉമേഷ് ചള്ളിയിൽ:

ശ്രീ. ഷിബു ബേബിജോൺ:

ശ്രീ. എ.എൻ. രാജൻ ബാബു:
ശ്രീ. കെ.കെ. ഷാജു:
ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ)കേരളത്തിൽ കായൽ-കടൽ-നദികൾ-മറ്റ് ജലാശയങ്ങൾ എന്നിവയുടെ സമീപമുള്ള വസ്തുക്കൾക്ക് പട്ടയം ലഭ്യമാകാത്തതുമൂലം ജനങ്ങൾ ഏറെ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പു മന്ത്രി):-**

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമുദ്രതീരത്ത് ഉയർന്ന ജലനിരപ്പിന് 100 അടി (30.480) ദൂരപരിധിക്കുള്ളിലുള്ള പ്രദേശത്ത് മൽസ്യത്തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിന് താൽക്കലിക പട്ടയം നൽകുന്നതിനുമാത്രമേ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 11 (2) പ്രകാരം വ്യവസ്ഥയുള്ളു. ഇപ്രകാരം നിലവിലുള്ള നിയമവ്യവസ്ഥകൾകളുടേയും അടിസ്ഥാനത്തിൽ 100 അടി ദൂരപരിധിക്കുള്ളിലുള്ളവർക്ക് താൽക്കാലിക പട്ടയങ്ങളും (പട്ടയം നൽകുന്നതിന് എന്തെങ്കിലും സാങ്കേതിക തടസങ്ങളുള്ളപക്ഷം 6/1/2000-ലെ 91636/പി1/99റവ. നംപർ സർക്കുലറിലെ നിർദ്ദേശാനുസരണം കൈവശാവകാസ സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്.) ഇതിന് പുറത്തുള്ള സ്ഥിരം പട്ടയങ്ങളും നൽകി വരുന്നുണ്ട്. നദികളുടേയും മറ്റ് ജലസ്രോതസുകളുടേയും തീരത്തുള്ള ഭൂമി പതിച്ച് നൽകുന്നത് ഒ.പി.നം. 17233/96 ബിയിലെ വിധി തീർപ്പിൽ കേരള ഹൈക്കോടതി വിലക്കിയിട്ടുണ്ട്. ഇത്തരം പ്രദേശങ്ങളിലെ കൈവശക്കാർക്ക് കൈവശരേഖ നൽകി വരുന്നുണ്ട്.

## <u>ഗവൺമെന്റ് നയങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കാൻ നടപടി</u>

469. ശ്രീ. എൻ. ശക്തൻ:
ശ്രീ. കെ.എ. ചന്ദ്രൻ:
ശ്രീ. എ.കെ. മണി:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തൊഴിൽ നയം വ്യവസായനയം മുതലായ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന നയങ്ങൾ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനം നടത്തുന്ന ആഗോള വികസന മീറ്റുകളെപ്പറ്റി വെബ്സൈറ്റിൽ പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരം ചെയ്യുന്നതുമൂലം കേരളത്തിലേക്ക് ബിസിനസ് സംരംഭകരെയും വിദേശ മൂലധനത്തെയും ആകർഷിക്കുവാൻ പര്യാപ്തമാകുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പു മന്ത്രി):-**

(എ) പി.ആർ.ഡി. വികസിപ്പിക്കുന്ന സർക്കാരിന്റെ ഔദ്യോഗിക സൈറ്റായ www.kerala.gov.in എന്ന സൈറ്റിൽ പ്രധാനപ്പെട്ട ഗവൺമെന്റ് നയങ്ങൾ നൽകിയിട്ടുണ്ട്. അതോടൊപ്പം പി.ആർഡി. സൈറ്റിലും നയങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ഈ രണ്ട് സൈറ്റിൽ നിന്നും ഗ്ലോബൽ മീറ്റിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. ഇതിനായി മാത്രം ഒരു സൈറ്റ് വികസിപ്പിച്ചിട്ടുണ്ട്. gim.kerala.com എന്ന് പ്രസ്തുത സൈറ്റിലേക്ക് പ്രാധാന സൈറ്റുകൾക്ക് ലിങ്ക് നൽകിയിട്ടുണ്ട്.

(സി) ലോകത്ത് എവിടെയും നിന്ന് കേരളത്തിന്റെ അടിസ്ഥാന സൗകര്യങ്ങളെയും വിഭവശേഷിയെയും കുറിച്ച് അറിയുവാനും അതിലൂടെ നിക്ഷേപകരെ ആകർഷിക്കുവാനും ഉദ്ദേശിച്ചുള്ള ശ്രമമാണ് വെബ്ബിലൂടെ നടത്തുന്നത്. ഇതിനായാണ് പ്രത്യേക സൈറ്റ് ഗ്ലോബൽ മീറ്റിനായി രൂപ കൽപന ചെയ്തിരിക്കുന്നത്.

## ബൈപാസ് നിർമാണം പൂർത്തിയാക്കാൻ നടപടി

470. ശ്രീ. പി.കെ. അബ്ദുറബ്ബ്:
ശ്രീ. സി.ടി. അഹമ്മദ് അലി:
ശ്രീ. പി.കെ.കെ. ബാവ:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. സി. മോയിൻ കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ കടന്നുപോകുന്ന നഗരങ്ങളിൽ ബൈപാസ് പണിയാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം നഗരങ്ങളിൽ എന്നു വ്യക്തമാക്കുമോ;

(ബി) എവിടെയെല്ലാം ഇതിന്റെ പണിയാരംഭിച്ചു എന്നു വ്യക്തമാക്കുമോ;

(സി) അതിൽ എവിടെയെല്ലാം പണി പൂർത്തിയാക്കാനുണ്ട്;

(ഡി)ബൈപാസുകളുടെ പണി പൂർത്തിയാക്കാൻ സത്വര നടപടി സ്വീകരിക്കുമോ;

(ഇ) പണി തുടങ്ങാൻ ബാക്കിയുള്ള സ്ഥലങ്ങളിൽ ഇതിന്റെ പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.കെ. മുനീർ (മരാമത്ത് വകുപ്പു മന്ത്രി):-**

<u>(എ) + (ബി) +(സി)+(ഡി)+(ഇ)</u>

നാഷണൽ ഹൈവേയിൽ തിരുവനന്തപുരം,കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തലശ്ശേരി എന്നീ നഗരങ്ങൾക്ക് ബൈപാസുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട് എന്നീ ബൈപാസുകളുടെ കുറെ ഭാഗങ്ങൾ നിർമ്മിച്ചു കഴിഞ്ഞു. ബാക്കി ഭാഗങ്ങൾ പണി ചെയ്യുന്നതിന് കേന്ദ്രഗവൺമെന്റ് അനുമതിക്കായി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. തലശ്ശേരി ബൈപാസിനു വേണ്ടി സ്ഥലമെടുപ്പ് നടന്നുവരികയാണ്.

## വിദ്യാർത്ഥികളുടെ പ്രവേശനത്തിനുള്ള അപേക്ഷാഫീസിന്റെ വർദ്ധനവ്

471. ശ്രീ. പി.എസ്. സുപാൽ:
ശ്രീ. കെ. പി. രാജേന്ദ്രൻ:
ശ്രീ. എൻ. രാജൻ:
ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി, ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ്, മെഡിസിൻ, എഞ്ചിനിയറിംഗ്, മറ്റ് പ്രൊഫഷണൽ കോഴ്സുകൾ എന്നിവയിൽ ചേരുന്നതിനുള്ള അപേക്ഷാഫീസ് ഈ വർഷം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോന്നിലും എത്ര വീതം വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അപേക്ഷാഫീസിന്റെ വദ്ധനവിന് കാരണമെന്താണ്;

(ഡി) ഈ വർദ്ധനവുമൂലം എത്ര രൂപയുടെ വരുമാനം അധികമായി ലഭിക്കുമെന്ന് വെളിപ്പെടുത്താമോ;

(ഇ) സ്വകാര്യ കോളേജുകളിലും സർക്കാർ കോളേജുകളിലും വ്യത്യസ്തമായാണോ അപേക്ഷാഫീസ് ഈടാക്കുന്നത്; അതിനുള്ള കാരണം വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) ഹയർ സെക്കന്ററി ഒഴികെയുള്ള കോഴ്സുകളുടെ പ്രവേശനത്തിനുള്ള അപേക്ഷാഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി)

| കോഴ്സ് | മുൻപുള്ള നിരക്ക് | പുതുക്കിയ നിരക്ക് |
|---|---|---|
| ഡിഗ്രി/പോസ്റ്റ് ഗ്രാഡുവേഷൻ | 2 രൂപ<br>5 രൂപ | 20 രൂപ (ഗവ. കോളേജ്)<br>30 രൂപ (പ്രൈവറ്റ് കോളേജ്) |
| എഞ്ചിനീയറിംഗ്, മെഡിക്കൽ, അഗ്രിക്കൾച്ചർ | 500 രൂപ<br>250 രൂപ(പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്ക്) | 700/-<br>350/-(പട്ടിക ജാതി പട്ടികവർഗ്ഗക്കാർക്ക്) |
| മെഡിക്കൽ സൂപ്പർ | 1200/- | 1500/- |

| | | |
|---|---|---|
| സ്പെഷ്യാലിറ്റി | | |
| എം.എസ്.സി(നേഴ്സിംഗ്) | 600/- | 800/- |
| എം.ഫാം | 600/- | 800/- |
| എൽ.എൽ.ബി(പഞ്ചൽസരം | 400/-<br>200/-(പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക്) | 600/-<br>300/-(പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക്) |
| എം.സി.എ. | 500/-<br>250/-(പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക്) | 800/-<br>400/-(പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക്) |

(ബി) പരീക്ഷാ നടത്തിപ്പിനുള്ള വിവിധ ചെലവുകളുടെ വർദ്ധനവിനാലും, നികുതിയേതരവരുമാനം വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാലുമാണ് ഫീസ് വർദ്ധിപ്പിച്ചത്.

(ഡി) ഓരോ വർഷത്തെയും അപേക്ഷകരുടെ എണ്ണം വ്യത്യസ്തമായതിനാലും, അപേക്ഷാഫാറ വിൽപ്പന നടന്നുകൊണ്ടിരിക്കുന്നതിനാലും കൃത്യമായി തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(ഇ) വ്യത്യസ്തമായിട്ടാണ്. സ്വകാര്യ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ അതാത് മാനേജർമാരാണ് (മാനേജ്മെന്റ്) അപേക്ഷാഫാറം പ്രിന്റ് ചെയ്യിക്കുന്നത്. അതിനാൽ 10 രൂപ ഈ ഇനത്തിൽ സർക്കാർ കോളേജുകളിലേതിൽ നിന്നും കൂടുതൽ ശേഖരിക്കാൻ, സ്വകാര്യ കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേറ്റ് തലത്തിലുള്ള അപേക്ഷാഫാറത്തിന്റെ വില സ്വകാര്യ ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ 30 രൂപയായും സർക്കാർ കോളേജുകളിൽ 20 രൂപയായും നിജപ്പെടുത്തിയിരിക്കുന്നത് അപ്രകാരമാണ്.

## പൂർത്തിയാക്കാത്ത മരാമത്തു പണികൾ

472. ശ്രീ. എ.എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർഷങ്ങൾക്കു മുൻപ് ആരംഭിച്ചതും പണി പൂർത്തിയാകാതെ വിവിധഘട്ടങ്ങളിൽ എത്തിനിൽക്കുന്നതുമായ മരാമത്തുപണികൾ എത്രയുംവേഗം പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം പണികളുടെ പുരോഗതി അവലോകനം ചെയ്യാൻ എന്ത് സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി):-**

(എ) ബഡ്ജറ്റ് വഴി ലഭ്യമാകുന്ന പരിമിതമായ തുക ഉപയോഗിച്ച് നേരത്തെ തുടങ്ങിയ പണികൾ തീർക്കാൻ ശ്രമിച്ചുവരുന്നു. പുതിയ പണികൾ കഴിവതും ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ഉൾപ്പെടെ ബഡ്ജറ്റിനു പുറത്തുള്ള സ്രോതസ്സുകൾ ഉപയോഗപ്പെടുത്തി ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) മന്ത്രിയുടേയും ചീഫ് എൻജിനീയറുടേയും തലത്തിൽ യഥാസമയങ്ങളിൽ അവലോകനം നടക്കുന്നുണ്ട്.

## സാമൂഹ്യ വയോജന വിദ്യാഭ്യാസം

473. ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. മത്തായി ചാക്കോ:
ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വയോജന വിദ്യാഭ്യാസത്തിനുവേണ്ടി നടപ്പിലാക്കിയിരുന്ന പദ്ധതികൾ എന്തെല്ലാം ;

(ബി) ഈ പദ്ധതികൾ ഈ വർഷം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങൾ നടത്തുന്ന സന്നദ്ധ സംഘങ്ങൾക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നത് ;

(ഡി) കഴിഞ്ഞവർഷം സാമൂഹ്യവയോജന വിദ്യാഭ്യാസത്തിനുവേണ്ടി എന്തു തുക ചെലവഴിച്ചു ;

(ഇ) ഈ വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട് ;

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് സാമൂഹ്യ വയോജന വിദ്യാഭ്യാസത്തിനുവേണ്ടി പദ്ധതികൾ ഒന്നും നടപ്പാക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

## റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പദ്ധതി

474. ശ്രീ. ഷിബു ബേബിജോൺ:

ശ്രീ. കെ.കെ. ഷാജു:

ശ്രീ. ഉമേഷ് ചള്ളിയിൽ:

ശ്രീ. എ.എൻ. രാജൻബാബു:

ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത്‌വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ ഒഴിവാക്കുന്നതിനായി ഗതാഗതവകുപ്പുമായി യോജിച്ച് എന്തെങ്കിലും പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) ട്രാഫിക് പോലീസിന്റെ സഹകരണത്തോടെ വിപുലമായ ബോധവൽക്കരണ പരിപാടികൾ നടത്താൻ സർക്കാർ മുൻകൈ എടുക്കുമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി):-**

(എ)(ബി)&(സി): റോഡപകടങ്ങൾ ഒഴിവാക്കുന്നതിനായി ഗതാഗത വകുപ്പും പോലീസ് വകുപ്പുമായി യോജിച്ച് ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും പരിപാടിയുണ്ട്. റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള ഒരു ആക്ഷൻപ്ളാൻ തയ്യാറാക്കുന്നതിനും, അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ഏർപ്പാടു ചെയ്യുന്നതിനും നടപടികൾ തുടങ്ങിയിട്ടുണ്ട്. അപകട സാദ്ധ്യതയുള്ള റോഡ് ഭാഗങ്ങൾ റീഡിസൈൻ ചെയ്യുന്നതിനും റീ എഞ്ചിനീയറിംഗ് വഴി അപകട സാധ്യത കുറയ്ക്കുന്നതിനും സൈൻ ബോർഡുകളും മറ്റും സ്ഥാപിക്കാനും റോഡ് സുരക്ഷയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങി ഉപയോഗിക്കുന്നതിനും പരിപാടിയുണ്ട്.

## നോർക്കയുടെ റീജിയണൽ ഓഫീസുകൾ ആരംഭിക്കുവാൻ നടപടി

475. ശ്രീ. പി.ജെ. ജോയി :

ശ്രീ. വി. ബാലറാം :

ശ്രീ. ടി.എച്ച് മുസ്തഫ :

ശ്രീ. എ. സുജനപാൽ :

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോർക്കയുടെ സെല്ലുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട് ;

(ബി) സസ്ഥാനത്ത് നോർക്കയുടെ റീജിയണൽ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ ;

(സി) ഇല്ലാത്തപക്ഷം അതേപ്പറ്റി ആലോചിക്കുമോ ;

(ഡി) ഡൽഹിയിൽ നോർക്കയ്ക്കുവേണ്ടി ഒരു സെൽ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിക്കുമോ ;

(എ) യു.എ.ഇ., യു.എസ്.എ. എന്നിവിടങ്ങളിലും നോർക്കയുടെ ഓഫീസുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**(ശ്രീ.പി.ശങ്കരൻ (ആരോഗ്യവകുപ്പുമന്ത്രി) (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി) :-**

(എ) ന്യൂഡൽഹിയിൽ നോർക്കയുടെ ഒരു സെൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) റീജിയണൽ ഓഫീസ് തുടങ്ങുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(ഡി) ഉണ്ട്. ന്യൂഡൽഹിയിലെ കേന്ദ്രമന്ത്രാലയങ്ങൾ, എമിഗ്രേഷൻ പ്രൊട്ടക്ടർ ജനറൽ ഓഫീസ്, മറ്റു രാജ്യങ്ങളിലെ എംബസികൾ, ഹൈക്കമ്മീഷണുകൾ എന്നിവയുമായി നിരന്തരം സമ്പർക്കം പുലർത്തി വിദേശമലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം.

(ഇ) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

## പ്രൈമറി സ്കൂളുകളിലെ കൊഴിഞ്ഞുപോകൽ

476. ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ.കെ. ബാലൻ:
ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിയന്ത്രിക്കുന്നതിന് അദ്ധ്യാപകർക്ക് പരിശീലനം നൽകുന്ന പദ്ധതി ഈ വർഷവും തുടരുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(ഡി) കൊഴിഞ്ഞുപോക്ക് തടയുന്നതിന് വേണ്ടി അർഹതയുള്ള സാധുക്കളായ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠന ഉപകരണങ്ങൾ എന്നിവ നൽകുന്നതിന് ഈ വർഷം എന്തു തുക വകയിരുത്തിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ ആവശ്യത്തിനു മാത്രമായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെങ്കിലും അദ്ധ്യാപക പരിശീലനമുൾപ്പെടെ ഡയറ്റിന്റെ വിവിധ ആവശ്യങ്ങൾക്ക് ഈ വർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന 400 ലക്ഷം രൂപയിൽ ഒരു ഭാഗം ഈ ആവശ്യത്തിനുവേണ്ടി വിനിയോഗിക്കുന്നതാണ്.

(ഡി) ഈ ആവശ്യത്തിനു മാത്രമായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

## പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച ഷെഡ്യൂൾ റേറ്റ്

477. ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പ് ഏറ്റവും ഒടുവിൽ ഷെഡ്യൂൾ അനുസരിച്ച് വിവിധ പണികൾക്കുള്ള റേറ്റ് പുതുക്കി നിശ്ചയിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത റേറ്റുകൾ പുനർനിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള റേറ്റുകൾ വിശദമാക്കുമോ ;

(സി) പൊതുമരാമത്തു വകുപ്പു നിശ്ചയിക്കുന്ന റേറ്റുകൾ സംസ്ഥാനത്തെ ഇതരവകുപ്പുകൾക്ക് ബാധകമാണോ ; ഇല്ലെങ്കിൽ ബാധകമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (പൊതുമരാമത്തുവകുപ്പുമന്ത്രി)-**

(എ)(ബി)&(സി): പൊതുമരാമത്തു വകുപ്പിൽ ഏറ്റവും ഒടുവിൽ ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കി നിശ്ചയിച്ചത് 1-7-1999 മുതൽക്കാണ്. പ്രസ്തുത റേറ്റുകൾ സമഗ്രമായി പുനർനിർണ്ണയം ചെയ്യേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. കാലാകാലങ്ങളിൽ

നിർമ്മാണപ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങളുടെ വിലയിലും ജോലിക്കൂലിയിലും ഉണ്ടാകുന്ന വർദ്ധനവ് കണക്കിലെടുത്താണ് ഷെഡ്യൂൾ ഉണ്ടാക്കുന്നത്. 96-ലെ ഷെഡ്യൂൾ 99-ൽ പരിഷ്ക്കരിച്ചപ്പോൾ വേതനനിരക്കിൽ ഏകദേശം 50 ശതമാനവും സാധനങ്ങളുടെ വിലയിൽ 40 മുതൽ 50% വരെയുമുള്ള വർദ്ധനവ് ഉണ്ടായി. 67 തരം തൊഴിലാളികളുടെ കൂലിയും 12 ഇനം വാടകനിരക്കുകളും മരാമത്തു പണിക്കാവശ്യമായ ആയിരത്തോളം ഇന സാധനങ്ങളുടെ വിലകളും തലച്ചുമട്, ബോട്ട്, കൈവണ്ടി, ലോറി തുടങ്ങിയവ മുഖേന സാധനങ്ങൾ കൊണ്ടുവരുന്നതിനുള്ള റേറ്റുകളും അടങ്ങുന്നതാണ്. 1-7-99 മുതൽ നിലവിലുള്ള ഷെഡ്യൂൾ ഓഫ് റേറ്റ്സ്. പ്രസ്തുത റേറ്റുകൾ ഇതരവകുപ്പുകൾക്കും ബാധകമാണ്.

## പ്ളസ് ടു പ്രവേശനത്തിന്റെ മാനദണ്ഡവും നടപടിക്രമങ്ങളും

478. ശ്രീ. കെ.എൻ.എ. ഖാദർ:
ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ടി.പി.എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ളസ് ടു പ്രവേശനത്തിന്റെ മാനദണ്ഡവും നടപടിക്രമങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി ഒരേദിവസം തന്നെ എല്ലാ സ്കൂളുകളിലും ഇന്റർവ്യൂ നടക്കുന്നതിനാൽ കുട്ടികൾക്ക് സൗകര്യപ്രദമായ സ്കൂളിൽ ചേർന്ന് പഠിക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഒരേദിവസം ഇന്റർവ്യൂ നടക്കുന്നതിനാലും സെക്കന്റ് ചാൻസ് നൽകാത്തതിനാലും പല കുട്ടികൾക്കും അവർ ആഗ്രഹിക്കുന്ന സ്കൂളിൽ ചേർന്ന് പഠിക്കാൻ കഴിയാത്ത അവസ്ഥ മാറ്റാൻ സർക്കാർ തയ്യാറാകുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസവകുപ്പുമന്ത്രി):-**

(എ) എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷകളോ പാസ്സായവരും അതാത് അദ്ധ്യയന വർഷങ്ങളിൽ ജൂൺ 1.ന് 15 വയസ്സ് തികഞ്ഞവരും 20 വയസ്സു കഴിയാത്തവരുമായ എല്ലാ വിദ്യർത്ഥികളും ഹയർ സെക്കൻഡറി പ്രവേശനത്തിന് അർഹരാണ്. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 2 വർഷത്തെ നിയമാനുസൃത ഇളവ് അനുവദിക്കുന്നുണ്ട്. ബധിര മൂക വിദ്യാർത്ഥികൾക്ക് മതിയായ മെഡിക്കൽ സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന പക്ഷം 5 വർഷത്തെ വയസ്സിളവ് അനുവദിക്കുന്നുണ്ട്. സംവരണം സംബന്ധിച്ച മാനദണ്ഡം താഴെ കൊടുക്കുന്നു.

| | ഗവൺമെന്റ് | പ്രൈവറ്റ് എയിഡഡ് | പ്രൈവറ്റ് എയിഡഡ് മൈനോറിറ്റീസ് പിന്നോക്കവിഭാഗം |
|---|---|---|---|
| ഓപ്പൺ മെറിറ്റ് | 72% | 42% | 32% |
| മാനേജ്മെന്റ്ക്വാട്ട | - | 20% | 20% |
| കമ്മ്യൂണിറ്റിക്വാട്ട | - | 10% | 20% |
| പട്ടികജാതി | 12% | 12% | 12% |
| പട്ടികവർഗ്ഗം | 8% | 8% | 8% |
| വികലാംഗർ | 3% | 3% | 3% |
| സ്പോർട്സ്ക്വാട്ട | 5% | 5% | 5% |

മൂന്നുശതമാനം വികലാംഗ സംവരണത്തിൽ ഒരു ശതമാനം അന്ധർക്കായി നീക്കിവച്ചിട്ടുണ്ട്.

(ബി) അഡ്മിഷൻ നടപടികൾക്കുള്ള ഷെഡ്യൂൾ നൽകുംപോൾ ഇന്റർവ്യൂ ആരംഭിക്കനുള്ള തീയതി നിശ്ചയിച്ചു നൽകാറുണ്ട്. ഒരു വിദ്യാർത്ഥിക്ക് ഒരേദിവസം രണ്ടു സ്കൂളിൽ ഇന്റർവ്യൂവിനു ക്ഷണം വരുന്നതു കൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനാവില്ല. സൗകര്യപ്രദമായ ഒരു സ്കൂളിൽ ഒഴിവു വന്നാൽ സ്കൂൾ മാറുന്നതിന് തടസ്സമില്ല. ഒരു ഗവൺമെന്റ് സ്കൂളിൽനിന്നും സീറ്റ് ഒഴിവുള്ള മറ്റൊരു ഗവൺമെന്റ് സ്കൂളിലേക്ക് മാറാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആദ്യം പ്രവേശനം ലഭിച്ച സ്കൂളിലെ ഫീസ് രസീത് നൽകി മറ്റൊരു സ്കൂളിലേക്ക് മാറാവുന്നതാണ്. എന്നാൽ ഗവൺമെന്റ് സ്കൂളിൽനിന്നും എയിഡഡ് സ്കൂളിലേക്ക് മാറുന്നവരും, ഒരു എയിഡഡ് സ്കൂളിൽനിന്ന് മറ്റൊന്നിലേക്ക് മാറുന്നവരും ഫീസ് വീണ്ടും അടയ്ക്കേണ്ടിവരും.

(സി) സർക്കാർ അംഗീകാരമുള്ള സ്കൂളുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമായ സ്കൂളുകളിലേക്ക് മാറുന്നതിന് അനുവാദം നൽകുന്നുണ്ട്.

## സാമ്പത്തിക പ്രതിസന്ധിമൂലം മരാമത്തുവകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താനുദ്ദേശിക്കുന്ന നിയന്ത്രണങ്ങൾ

479. ശ്രീ. വി.കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്താനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി):-**

(എ&ബി): പൊതുമരാമത്ത് വകുപ്പ് ജോലികൾക്ക് ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് ആനുപാതികമായ തോതിൽ മാത്രമാണ് പുതിയ ജോലികൾ ഏറ്റെടുക്കുന്നത്.

## റോഡുകളുടെ സമഗ്രവികസനത്തിന് പദ്ധതി

480. ശ്രീ. എ.എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ റോഡുകളുടെ സമഗ്രവികസനത്തിനായി എന്തെല്ലാം പരിപാടികളാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിനായി മലയോര റോഡും, തീരദേശറോഡും അവയെ പരസ്പരം ബന്ധിപ്പിക്കുന്ന ലിങ്കു റോഡുകളും ഉൾപ്പെടുത്തി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) സംസ്ഥാനത്തെ മുഴുവൻ ഗ്രാമങ്ങളുടേയും നഗരങ്ങളുടേയും വികസനത്തിനും, ജനങ്ങളുടെ ആവശ്യത്തിനുമുതകുന്ന പാലങ്ങളും റോഡുകളും നിർമ്മിക്കുന്നതിനും മാസ്റ്റർ പ്ളാനിൽ മുൻഗണന നൽകിയിട്ടുണ്ടോ ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്തു വകുപ്പുമന്ത്രി):-**

(എ,ബി&സി): റോഡുകളുടെ വികസനത്തിനായി ലോകബാങ്ക് വായ്പാ സഹായത്തോടെ 1600 കി.മീ.റോഡ് വികസന പദ്ധതിക്ക് അംഗീകാരമായിട്ടുണ്ട്. 'NABARD' ന്റെ സാമ്പത്തിക സഹായത്തോടെ റോഡുകളുടേയും പാലങ്ങളുടേയും പണി ഏറ്റെടുക്കുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. മലയോര റോഡുകളും തീരദേശ റോഡുകളുമൊക്കെ തമ്മിൽ ബന്ധിപ്പിക്കുന്നതിന് അനുയോജ്യമായ, കേരളത്തിലുടനീളം തെക്കു വടക്കായുള്ള ഒരു എക്സ്പ്രസ്സ് വേയുടെ സാധ്യതയെക്കുറിച്ച് പഠനം നടത്തിവരികയാണ്.

*****